"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെപാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃതമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പിലാക്കുന്നതിന് മുന്നോടിയായി ഒരു അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1191/2023/LSGD തീയതി,തിരുവനന്തപുരം, 08-06-2023

---

പരാമർശം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25/04/2023 ന് യോഗത്തിന്റെ നടപടി കുറിപ്പിലെ തീരുമാനം നമ്പർ 3.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25/04/2023 ന് യോഗം ചേർന്നിരുന്നു. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃതമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പിലാക്കുന്നതിന് മുന്നോടിയായി ഒരു അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി യോഗത്തിലെ പരാമർശ നടപടികുറിപ്പ് തീരുമാനം നമ്പർ 3 പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃതമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പിലാക്കുന്നതിന് മുന്നോടിയായി ബ്ലോക്ക് തലത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്തുമായി ബന്ധപ്പെട്ട സി.എച്ച്.സി യിലെ ഒരു മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു മൂന്നംഗ അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിനും അപ്പലേറ്റ് അതോററ്റിയായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അർബൻ)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി,പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 08-06-2023 13:29:06

സെക്ഷൻ ഓഫീസർ